# തിരുവിതാംകൂർ ദേവസ്വം ബോർഡ് കമ്മീഷണറുടെ നടപടി ഉത്തരവ്

## സംഗ്രഹം

കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് സബ്ഗ്രൂപ്പിൽപ്പെട്ട തിരുവാർപ്പ് ദേവസ്വം മേൽശാന്തി നിയമനം സംബന്ധിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

ആർ.ഒ.സി.9266/16/എസ്

നന്തൻകോട്, തീയതി: 06/10/2026

---

പരാമർശം:-
1) 25/06/2026 ലെ മേൽ നമ്പർ വിജ്ഞാപനം
2) ശ്രീ.സുജിത്ത് നമ്പൂതിരി.എം.എസ്, (മുട്ടത്തുമന, ആർപ്പൂക്കര, ആർപ്പൂക്കര. ഈസ്റ്റ്, കോട്ടയം) സമർപ്പിച്ച അപേക്ഷ
3) കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറുടെ 21/07/2026, 13/08/2026 എന്നീ തീയതികളിലെ യഥാക്രമം 1670, 1874 നമ്പർ റിപ്പോർട്ടുകൾ
4) ഈ ആഫീസിലെ 14/08/2026 ലെ മേൽ നമ്പർ ഉത്തരവ്
5) ഈ ആഫീസിലെ 14/08/2026 ലെ മേൽ നമ്പർ കത്ത്
6) 03/10/2026 ലെ ആർ.ഒ.സി.8651/16/മിസ്-1 നമ്പർ ബോർഡ് കത്ത്

കോട്ടയം ഗ്രൂപ്പിലെ തിരുവാർപ്പ് ദേവസ്വത്തിലെ പുറപ്പെടാ മേൽശാന്തി നിയമനത്തിലേയ്ക്കായി അപേക്ഷകൾ ക്ഷണിച്ച് വിജ്ഞാപനം പുറപ്പെടുവിച്ചു (പരാമർശം 1). ആയതിന്റെ അടിസ്ഥാനത്തിൽ, ലഭിച്ച പരാമർശം (2) അപേക്ഷയിലെ ന്യൂനതകൾ പരിഹരിച്ച് കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറിൽ നിന്നും വിശമായ റിപ്പോർട്ടുകൾ ലഭ്യമാക്കി (പരാമർശം 3).

തിരുവാർപ്പ് ദേവസ്വത്തിൽ ഒഴിവു വരുന്ന അടുത്ത പുറപ്പെടാമേൽശാന്തി ലാവണത്തിലേയ്ക്ക് ശ്രീ.സുജിത്ത് നമ്പൂതിരി യോഗ്യനാണെന്ന് ക്ഷേത്ര തന്ത്രി സാക്ഷ്യപ്പെടുത്തിയിരിക്കുന്ന സാഹചര്യത്തിൽ ടിയാനെ തിരുവാർപ്പ് ദേവസ്വം മേൽശാന്തിയായി നിയമിക്കുന്നത് സംബന്ധിച്ച് പരാമർശം (5) പ്രകാരം ബോർഡ് അനുമതിയ്ക്കായി വിവരം റിപ്പോർട്ട് ചെയ്യുകയും, തുടർന്ന് ബോർഡിന്റെ പരാമർശം (6) ഉത്തരവ് ലഭ്യമാകുകയും ചെയ്തു.

മേൽപ്പടി റിപ്പോർട്ട് പ്രകാരം തിരുവാർപ്പ് ദേവസ്വം മേൽശാന്തി തസ്തികയിലേയ്ക്ക് 2026-27 കാലയളവിൽ നിയമനം നടത്തുന്നതിലേയ്ക്കായി നിലവിലുള്ള ഒരു ഒഴിവിലേയ്ക്ക് മറ്റ് അപേക്ഷകർ ഇല്ലാത്തതിനാലും, നിലവിലെ അപേക്ഷകനെ മേൽശാന്തി തസ്തികയിൽ നിയമിക്കുന്നതിന് യോഗ്യനാണെന്നുള്ള ദേവസ്വം തന്ത്രിയുടെ രേഖാമൂലമുള്ള അഭിപ്രായവും പരിഗണിച്ച് ശ്രീ.സുജിത്ത് നമ്പൂതിരി.എം.എസ് - നെ തിരുവാർപ്പ് ദേവസ്വം പുറപ്പെടാമേൽശാന്തിയായി നിയമിക്കുന്നതിന് അനുവദിച്ചും, നിയമന ഉത്തരവ് പുറപ്പെടുവിച്ച് 7 ദിവസത്തിനകം വിജ്ഞാപനത്തിൽ വ്യവസ്ഥ ചെയ്തിരുന്ന എല്ലാ രേഖകളും ഹാജരാക്കുന്നതിന് നിർദ്ദേശം നൽകുന്നതിന് തീരുമാനിച്ചും ഉത്തരവായി.

ആയതിന്റെ അടിസ്ഥാനത്തിൽ, ശ്രീ.സുജിത്ത് നമ്പൂതിരി.എം.എസ് - നെ (മുട്ടത്തുമന, ആർപ്പൂക്കര, ആർപ്പൂക്കര ഈസ്റ്റ്, കോട്ടയം) 2026-27 കാലയളവിലെ തിരുവാർപ്പ് ദേവസ്വം പുറപ്പെടാമേൽശാന്തിയായി നിയമിച്ച് ഉത്തരവാകുന്നു

കൂടാതെ വിഞ്ജാപന പ്രകാരമുള്ള എല്ലാ രേഖകളും നിയമന ഉത്തരവ് തീയതി മുതൽ 7 ദിവസത്തിനകം ഹാജരാക്കുന്നതിന് ശ്രീ.സുജിത്ത് നമ്പൂതിരി.എം.എസ് ന് നിർദ്ദേശം നൽകുന്നതിനും, ആയത് അടിയന്തിരത്തിൽ ഈ ആഫീസിൽ ലഭ്യമാക്കുന്നതിനും കോട്ടയം അസിസ്റ്റന്റ് ദേവസ്വം കമ്മീഷണറെ ചുമതലപ്പെടുത്തിയും ഉത്തരവാകുന്നു.

ഒപ്പ്
ദേവസ്വം കമ്മീഷണർ

പകർപ്പ്:-
1) സെക്രട്ടറി, തിരുവിതാംകൂർ ദേവസ്വം ബോർഡ്
2) ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ, വൈക്കം
3) അസിസ്റ്റന്റ് ദേവസ്വം കമ്മീഷണർ, കോട്ടയം
4) ശ്രീ.സുജിത്ത് നമ്പൂതിരി.എം.എസ്, (മുട്ടത്തുമന, ആർപ്പൂക്കര, ആർപ്പൂക്കര.ഈസ്റ്റ്, കോട്ടയം)
5) ഐ.റ്റി. ഡിവിഷൻ
6) സെക്ഷൻ ഫയൽ

ഡെപ്യൂട്ടി ദേവസ്വം കമ്മീഷണർ
(അഡ്മിനിസ്ട്രേഷൻ)

Jyo.06/10